# Std. 4 - Chapter 4 - Revision - Main points

## പാഠം 4 : മാമ്മോദീസ ഈശോയിലുള്ള ജനനം

| | |
|---|---|
| | **മാമ്മോദീസ**<br>* പാപാവസ്ഥയിൽ നിന്നും നമ്മെ ദൈവമക്കൾ എന്ന അവസ്ഥയിലേക്ക് നയിക്കുന്ന കൂദാശ<br>* ഈശോയുടെ ശരീരത്തിലെ അംഗങ്ങളാകാനും സഭാകൂട്ടായ്മയിലേക്ക് പ്രവേശിക്കാനും നമ്മെ സഹായിക്കുന്ന കൂദാശ.<br>* ഈശോമിശിഹായിൽ വിശ്വസിച്ച് പുതിയ ജീവിതം ആരംഭിക്കുന്ന കൂദാശ. |
| | * ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിച്ച് പാപത്തിൽനിന്ന് മോചിതരായി ദൈവികജീവനിൽ പങ്കുചേരുകയും ദൈവമക്കളും തിരുസഭയിലെ അംഗങ്ങളും സ്വർഗത്തിന്റെ അവകാശികളുമായി തീരുകയും ചെയ്യുന്ന കൂദാശ.<br><br>* ജന്മപാപത്തിൽ നിന്നും, കർമ്മപാപമുണ്ടെങ്കിൽ അതിൽ നിന്നും നാം ശുദ്ധീകരിക്കപ്പെടുന്ന കൂദാശ. |

| | ചോദ്യം | ഉത്തരം |
|---|---|---|
| A | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | നിക്കോദേമോസ് എന്ന യഹൂദപ്രമാണി ഈശോയുടെ അടുത്ത് വന്നപ്പോൾ ഈശോ എന്താണ് പറഞ്ഞത്? | 'വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല' എന്ന് ഈശോ പറഞ്ഞു. |
| 2 | നാം എല്ലാവരും പാപാവസ്ഥയിൽ ജനിക്കുന്നതിന്റെ കാരണം എന്താണ്? | ആദിമാതാപിതാക്കളുടെ പാപം മൂലമാണ് നാം എല്ലാവരും പാപാവസ്ഥയിൽ ജനിക്കുന്നത്. |
| 3 | ജന്മപാപം അഥവാ ഉത്ഭവപാപം എന്നാൽ എന്ത്? | ആദിമാതാപിതാക്കളുടെ പാപം മൂലം നമ്മിലുണ്ടാകുന്ന പാപാവസ്ഥയെ ജന്മപാപം എന്ന് വിളിക്കുന്നു. |
| 4 | ജന്മപാപത്തിന്റെ സ്വാധീനം നമ്മെ എന്തിനു പ്രേരിപ്പിക്കുന്നു? | നന്മയിൽ നിന്ന് നമ്മെ അകറ്റുകയും തിന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. |
| 5 | മാമ്മോദീസയിലൂടെ നാം എങ്ങനെയാണ് വീണ്ടും ജനിക്കുന്നത്? | ജലത്താലും പരിശുദ്ധാത്മാവിനാലും നാം വീണ്ടും ജനിക്കുന്നു. |
| 6 | **1. മാമ്മോദീസ എന്ന സുറിയാനി വാക്കിന്റെ മൂലാർത്ഥമെന്ത്?** | 'മുങ്ങുക' അഥവാ 'സ്നാനം ചെയ്യുക' എന്നാണ് മാമ്മോദീസ എന്ന വാക്കിന്റെ മൂലാർത്ഥം. |
| 7 | മാമ്മോദീസയിലൂടെ നമുക്ക് ലഭിക്കുന്ന പ്രധാന അനുഗ്രഹങ്ങൾ ഏതെല്ലാം? | പാപത്തിൽനിന്ന് മോചനം ലഭിക്കുന്നു, ദൈവികജീവനിൽ പങ്കുചേരുന്നു, ദൈവമക്കളാകുന്നു, സഭാംഗങ്ങളാകുന്നു, സ്വർഗത്തിന് അവകാശികളാകുന്നു. |
| 8 | മാമ്മോദീസയിലൂടെ നാം സഭയിലെ അംഗങ്ങളാകുന്നത് എങ്ങനെ? | മാമ്മോദീസയിലൂടെ മിശിഹായുടെ ശരീരത്തിലെ അംഗങ്ങളായിത്തീർന്ന് സഭാകൂട്ടായ്മയിൽ പ്രവേശിക്കുന്നു. |
| 9 | **2. മാമ്മോദീസയെ ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?** | മാമ്മോദീസായിലൂടെ നാം പാപത്തിൽ നിന്ന് മോചിപ്പിക്കപ്പെടുകയും ഈശോയിലുള്ള ജീവിതം ആരംഭിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇതിനെ ക്രൈസ്തവജീവിതത്തിന്റെ വാതിൽ എന്ന് വിളിക്കുന്നത്. |
| 10 | **ദൈവാലയകവാടത്തിങ്കൽ വച്ച് കാർമ്മികൻ മാമ്മോദീസാർത്ഥിയോടു ചോദിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും.** | |
| | 1. പിശാചിന്റെ അടിമത്തത്തിൽ നിന്ന് മോചിതനാകാൻ (മോചിതയാകാൻ) നീ ആഗ്രഹിക്കുന്നുവോ? | ആഗ്രഹിക്കുന്നു. |

| | ചോദ്യം | ഉത്തരം |
|---|---|---|
| | 2. പാപവും പാപമാർഗങ്ങളും നീ ഉപേക്ഷിക്കുന്നുവോ? | ഉപേക്ഷിക്കുന്നു. |
| | 3. ഈശോമിശിഹായെ നിന്റെ രക്ഷകനായി നീ സ്വീകരിക്കുന്നുവോ? | സ്വീകരിക്കുന്നു |
| 11 | മാമ്മോദീസയുടെ കർമ്മങ്ങൾക്കിടയിൽ തിരുസഭയിലേക്ക് സ്വീകരിക്കുന്നതിന്റെ പ്രതീകമായി കാർമ്മികൻ എന്താണ് ചെയ്യുന്നത്? | കാർമ്മികൻ അർത്ഥിയെ ദൈവാലയത്തിനകത്തേക്ക് പ്രവേശിപ്പിക്കുന്നു. |
| 12 | ശിശുക്കൾക്ക് മാമ്മോദീസ നൽകുമ്പോൾ അവർക്കുവേണ്ടി വാഗ്ദാനങ്ങൾ ചെയ്യുന്നതും വിശ്വാസപ്രമാണം ചൊല്ലുന്നതും ആരാണ്? | തലതൊട്ടപ്പനും തലതൊട്ടമ്മയുമാണ്. |
| 13 | മുതിർന്നവരാണ് മാമ്മോദീസ സ്വീകരിക്കുന്നതെങ്കിൽ വാഗ്ദാനങ്ങൾ ചെയ്യുന്നത് ആരാണ്? | മുതിർന്നവരാണ് സ്വീകരിക്കുന്നതെങ്കിൽ വാഗ്ദാനങ്ങൾ ചെയ്യുന്നതും വിശ്വാസപ്രമാണം ചൊല്ലുന്നതും അവർ തന്നെയാണ്. |
| 14 | മാമ്മോദീസ നൽകുന്നത് ആരുടെ നാമത്തിലാണ്? | പരിശുദ്ധ ത്രിത്വത്തിന്റെ (പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും) നാമത്തിലാണ്. |
| 15 | **3. മാമ്മോദീസയിലെ ദൃശ്യമായ അടയാളങ്ങൾ ഏവ?** | തലയിൽ വെള്ളം ഒഴിക്കൽ, തൈലം പൂശൽ, വെള്ളവസ്ത്രം ധരിപ്പിക്കൽ, കത്തിച്ച തിരി നൽകൽ എന്നിവയാണ് മാമ്മോദീസയിലെ ദൃശ്യമായ അടയാളങ്ങൾ. |
| 16 | മാമ്മോദീസ എങ്ങനെയാണ് നൽകുന്നത്? | പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ അർത്ഥിയെ വെള്ളത്തിൽ മൂന്നു പ്രാവശ്യം മുക്കി ഉയർത്തുകയോ, തലയിൽ വെള്ളം ഒഴിക്കുകയോ ചെയ്താണ് മാമ്മോദീസ നൽകുന്നത്. |
| 17 | മാമ്മോദീസയിൽ ജലം എന്തിനെ സൂചിപ്പിക്കുന്നു? | പാപത്തിൽനിന്നുള്ള ശുദ്ധീകരണത്തെയും പുതിയ ജീവിതത്തെയും ജലം സൂചിപ്പിക്കുന്നു. |
| 18 | മാമ്മോദീസയിൽ വെള്ളത്തിൽ മൂന്നു പ്രാവശ്യം മുക്കുന്നതിന്റെ കാരണം എന്താണ്? | പരിശുദ്ധ ത്രിത്വത്തിലുള്ള പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കാനാണ് മൂന്നു പ്രാവശ്യം മുക്കുന്നത്. |
| 19 | തലയിൽ വെള്ളം ഒഴിക്കുന്ന കർമ്മം എന്തിന്റെ പ്രതീകമാണ്? | നാം പാപത്തിന് മരിച്ച് ഈശോയിൽ ജനിക്കുന്നു എന്നതിന്റെ പ്രതീകമാണ്. |
| 20 | തൈലം പൂശുന്നതിന്റെ പ്രതീകാത്മക അർത്ഥം എന്താണ്? | പിശാചിന്റെ അടിമത്തത്തിൽനിന്ന് മോചനം ലഭിക്കുന്നതിന്റെ പ്രതീകമാണ് തൈലം പൂശൽ. |
| | 1. ഒന്നാമത്തെ തൈലം പൂശൽ | വിശുദ്ധീകരണം |
| | 2. രണ്ടാമത്തെ തൈലം പൂശൽ | ആത്മാവിലുള്ള ജനനം |
| | 3. മൂന്നാമത്തെ തൈലം പൂശൽ | ആത്മാഭിഷേകം |
| 21 | മാമ്മോദീസായിൽ വെള്ളവസ്ത്രം ധരിപ്പിക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു? | കൃപാവരത്തിന്റെ പുതുജീവിതത്തെ സൂചിപ്പിക്കുന്നു. |
| 22 | കത്തിച്ച തിരി നൽകുന്നതിന്റെ അർത്ഥം എന്ത്? | ലോകത്തിന്റെ പ്രകാശമാണെന്നതിന്റെ പ്രതീകമാണ്. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 23 | ശിഷ്യന്മാരെ അയക്കുമ്പോൾ ഈശോ നൽകിയ കല്പന എന്തായിരുന്നു? | **'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ' എന്ന് ഈശോ കല്പിച്ചു. (മത്താ. 28:19).** |
| 24 | എല്ലാ ജനതകളെയും ശിഷ്യരാക്കണമെന്ന് ഈശോ ആരോടാണ് പറഞ്ഞത്? | **ശിഷ്യന്മാരോട്.** |
| 25 | മാമ്മോദീസയിലെ പ്രധാന പ്രതീകങ്ങൾ: | **തൈലം → വിശുദ്ധീകരണം / ആത്മാവിലുള്ള ജനനം / ആത്മാഭിഷേകം** |
| | | **വെള്ളം → പാപത്തിന് മരിച്ച് ഈശോയിൽ ജനിക്കൽ** |
| | | **വെള്ളവസ്ത്രം → കൃപാവരത്തിന്റെ പുതിയ ജീവിതം** |
| | | **കത്തിച്ച തിരി → ഈശോയുടെ പ്രകാശം** |
| 26 | മാമ്മോദീസയുടെ കർമങ്ങൾ വിവരിക്കുക. | **മാമ്മോദീസയുടെ കർമങ്ങൾ ദൈവാലയകവാടത്തിനൽ ആരംഭിക്കുന്നു. പിശാചിന്റെ അടിമത്തത്തിൽനിന്ന് മോചനം നേടാനും പാപവും പാപമാർഗങ്ങളും ഉപേക്ഷിക്കാനും ഈശോമിശിഹായെ രക്ഷകനായി സ്വീകരിക്കാനും അർത്ഥി സമ്മതിക്കുന്നു. തുടർന്ന് തൈലം പൂശുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ വെള്ളത്തിൽ മൂന്നു പ്രാവശ്യം മുക്കി ഉയർത്തുകയോ തലയിൽ വെള്ളം ഒഴിക്കുകയോ ചെയ്യുന്നു. പിന്നീട് തൈലം പൂശുകയും വെള്ളവസ്ത്രം ധരിപ്പിക്കുകയും കത്തിച്ച തിരി നൽകുകയും ചെയ്യുന്നു.** |
| 27 | **4. മാമ്മോദീസയുടെ ഫലങ്ങൾ ഏവ?** | **പാപമോചനം ലഭിക്കുന്നു, ദൈവികജീവൻ ലഭിക്കുന്നു, ദൈവമക്കളായിത്തീരുന്നു, സഭാംഗങ്ങളായിത്തീരുന്നു, സ്വർഗ്ഗത്തിന് അവകാശികളായിത്തീരുന്നു.** |
| **B.** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| | സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല (യോഹ 3:3). | |
| | ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ (മത്താ. 28:19). | |